സെക്ഷൻ ഭേദഗതി ചെയ്യുന്ന നിർദ്ദേശത്തിൽ ജന്മിമാർക്ക് കോമ്പൻസേഷൻ നൽകുന്ന നിർദ്ദേശത്തിൽ നിയമസഭാ സമിതി ശക്തമായി വിയോജിപ്പ് രേഖപ്പെടുത്തുകയുണ്ടായി. കോഴിക്കോട് ജില്ലയിൽ മാത്രം ജന്മിമാർക്ക് കോമ്പൻസേഷൻ നൽകാൻ 150 കോടിയോളം രൂപ വേണ്ടിവരുമെന്ന് പ്രാഥമിക കണക്കുകൾ സൂചിപ്പിക്കുന്നു. ഇത് വളരെ വലിയൊരു തുകയാണെന്നും ഇത്രയും ഭീമമായ തുക ജന്മിമാർക്ക് നഷ്ടപരിഹാരമ് നൽകുന്നത് ഭൂപരിഷ്ക്കരണ നിയമത്തിന്റെ സ്പിരിറ്റിന് യോജിക്കാത്തതാണെന്നും നിയമസഭാ സമിതി വിലയിരുത്തി. ആയതിനാൽ നിയമ വകുപ്പുമായി കൂടിയാലോചിച്ച് ഒരു ബദൽ നിർദ്ദേശം കൊണ്ടുവരണമെന്ന് സമിതി നിർദ്ദേശിച്ചതിന്റെയടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം പുനഃപരിശോധിക്കുകയും നിയമ വകുപ്പുമായി ചർച്ച ചെയ്തു വരികയുമാണ്. ഈ വിഷയം വളരെ ഗൗരവമുള്ളതായതുകൊണ്ട്, ഒരു തവണ നിയമം പാസ്സാക്കി ഹൈക്കോടതി റദ്ദ് ചെയ്തതുമായതുകൊണ്ട് എല്ലാ നിയമവശങ്ങളും പരിശോധിച്ചുകൊണ്ടുവേണം ചെയ്യാൻ. ഈ വിഷയം വളരെ അനുകമ്പാപൂർവ്വവും ഏറ്റവും പ്രാധാന്യത്തോടുകൂടിയും പരിഗണിക്കണമെന്നു തന്നെയാണ് മന്ത്രിസഭ തീരുമാനിച്ചതും പുതിയ ഒരു ബിൽ കൊണ്ടുവരാൻ നിർദ്ദേശിച്ചിട്ടുള്ളതും.

(14) പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ ഒഴിവുകൾ

ശ്രീ. എ. സി. മൊയ്തീൻ : സർ, തൃശ്ശൂർ ജില്ലയിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ ഒഴിവുകളിലേക്ക് നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്ന് നിയമനം നടത്തണമെന്നുള്ള ആവശ്യമാണ് ഞാൻ ഉന്നയിക്കുന്നത്. ജെ.പി.എച്ച്.എൻ. തസ്തികയിൽ തൃശ്ശൂരിൽ 484 തസ്തികകൾ ഉണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഗ്രേഡ് I-ന്റെ 161-ഉം ഗ്രേഡ് II-ന്റെ 323-ഉം തസ്തികകളാണുള്ളത്. ഗ്രേഡ് I-ന്റേയും ഗ്രേഡ് II-ന്റേയും ജോലി സ്വഭാവത്തിൽ വ്യത്യാസമില്ലാത്തതുകൊണ്ട് ഇത് ജില്ലയ്ക്കകത്തുതന്നെ ഇന്റർ ചെയിഞ്ചബിൾ ആയി മാറ്റിയിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്. അതിന്റെ ഭാഗമായി സ്വാഭാവികമായും നിയമനത്തിന് റിപ്പോർട്ടു ചെയ്യപ്പെടാത്ത അവസ്ഥയുണ്ടാകുന്നുണ്ട്. ഈ പ്രശ്നം പരിശോധിച്ച് നിലവിൽ റാങ്ക് ലിസ്റ്റിലുള്ള ആളുകൾക്ക് ഒഴിവുകൾ ഉണ്ടോ എന്ന് കണക്കാക്കുന്നതിന് സംവിധാനമില്ല എന്നാണ് ബന്ധപ്പെട്ട ഓഫീസിൽനിന്ന് അറിയുന്നത്. തൃശ്ശൂരിൽ ഈ തസ്തികകളിൽ ഒഴിവുകളുണ്ടോ എന്ന് പരിശോധിച്ച് കാലാവധി തീരാൻ പോകുന്ന നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്ന് ആ ഒഴിവുകളിലേക്ക് സാങ്കേതിക വിദ്യാഭ്യാസ യോഗ്യതയുള്ളവരെ ജെ.പി.എച്ച്.എൻ. തസ്തികകളിലേക്ക് നിയമിക്കണം എന്ന ആവശ്യമാണ് ഞാൻ ഉന്നയിക്കുന്നത്.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) : സർ, കേരളത്തിൽ പബ്ലിക് ഹെൽത്ത് രംഗത്ത് പ്രവർത്തിക്കുന്ന ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ തസ്തികയിൽ തൃശ്ശൂർ ജില്ലയിൽ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുള്ള രണ്ടു വേക്കൻസി മാത്രമേയുള്ളൂ ; ഗ്രേഡ് II. കേരളത്തിൽ ജൂനിയർ ഹെൽത്ത് നഴ്സുമാരുടെ ആകെയുള്ള തസ്തികയെന്നുപറയുന്നത് 5585 ആണ്. അതിൽ രണ്ടു വിഭാഗത്തിൽപ്പെട്ടവരുണ്ട്. ഒന്ന്, ജൂനിയർ

LIBRARY ARCHIVES Kerala Legislative Assembly

പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് II ; എൻട്രി കേഡറിലുള്ളതാണ്. രണ്ടാമത്തേത് ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് I ; അത് പ്രൊമോഷൻ തസ്തികയാണ്. 2:1 എന്ന അനുപാതത്തിലാണ് ഈ നഴ്സുമാരുടെ വിഭാഗം പ്രവർത്തിക്കുന്നത്. രണ്ടു ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്-II ഉണ്ടെങ്കിൽ ഒരാൾക്ക് പ്രൊമോഷൻ കിട്ടും, ഒരു ജെ.പി.എച്ച്.എൻ. ഗ്രേഡ്-I കിട്ടും. ഈ ഗവൺമെന്റ് വന്നതിനുശേഷം ആകെ 645 പേർക്ക് ജെ.പി.എച്ച്.എൻ ഗ്രേഡ്- II ആയി പി.എസ്.സി. വഴി നിയമനം കിട്ടിയിട്ടുണ്ട്. അതിൽ തൃശ്ശൂരിൽ 42 പേർക്കാണ് നാലേമുക്കാൽ വർഷത്തിനകത്ത് ജെ.പി.എച്ച്.എൻ ഗ്രേഡ്-II ആയി നിയമനം ലഭിച്ചിട്ടുള്ളത്. ഇവരുടെ പ്രൊമോഷൻ തസ്തികയെന്നു പറയുന്നത് ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്- I ആണ്. ഇപ്പോൾ ട്രെയിനിംഗ് പാസ്സാകണമെന്നുള്ള നിബന്ധന നീക്കിയിട്ടുണ്ട്. ട്രെയിനിംഗ് പാസ്സാകേണ്ട ആവശ്യമില്ല. കാരണം ഇത്രയും നല്ല കാളിഫിക്കേഷനുള്ളതുകൊണ്ട് അതിന്റെ സ്പെഷ്യൽ റൂൾസിൽ ചില മാറ്റം വരുത്തിയിട്ടുണ്ട്. ട്രെയിനിംഗ് കഴിഞ്ഞാൽ മാത്രമേ ലേഡി ഹെൽത്ത് ഇൻസ്പെക്ടറായിട്ട് പ്രൊമോഷൻ കിട്ടുകയുള്ളൂ. ലേഡി ഹെൽത്ത് ഇൻസ്പെക്ടർ കഴിഞ്ഞാൽ പിന്നെ ലേഡി ഹെൽത്ത് സൂപ്പർവൈസറായിട്ടാണ് നിയമനം. ഇതിന്റെ എല്ലാ തസ്തികയും ഇപ്പോൾ ഫിൽ ആണ്. ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസറുൾപ്പെടെ 158-തസ്തികകളാണുള്ളത്. 158 പേരും ജോലി ചെയ്യുന്നുണ്ട്. ഇപ്പോൾ നൂറോളം ലേഡി ഹെൽത്ത് ഇൻസ്പെക്ടർമാരുടെ ട്രെയിനിംഗ് നടക്കുന്നുണ്ട്. ട്രെയിനിംഗ് നടത്തിക്കഴിഞ്ഞാൽ ലേഡി ഹെൽത്ത് ഇൻസ്പെക്ടേഴ്സിന്റെ തസ്തികയിലേക്ക് പ്രൊമോഷൻ കൊടുക്കാം. എന്നാൽ തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ ഒരു ചെറിയ പ്രശ്നം ഉണ്ടായിരിക്കുന്നത് അവിടെ ഗ്രേഡ് 1 എന്നുപറയുന്ന പ്രൊമോഷൻ തസ്തികയിൽ 79-ഉം അതുപോലെ പാലക്കാട് പത്ത് നാൽപ്പതിലധികവും വേക്കൻസിയുണ്ട്. വേക്കൻസി എന്നുപറയുന്നത് ഫിൽ ചെയ്യേണ്ട വേക്കൻസിയാണ്. പക്ഷെ സംഭവിച്ചിരിക്കുന്നത് എറണാകുളം, കോട്ടയം, ആലപ്പുഴ പോലുള്ള ജില്ലകളിൽ ഇങ്ങനെ പ്രൊമോഷനായിട്ട് വന്നിട്ടുള്ളവർ അത്രയൊന്നും വർഷമായിട്ടില്ല, 1994-നുശേഷം ഇവരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചത് 2008-ലാണ്. അതിനുശേഷം ഇവർക്ക് പ്രൊമോഷനൊന്നും കിട്ടുന്നുണ്ടായിരുന്നില്ല, ഇപ്പോൾ പ്രൊമോഷൻ കൊടുക്കാൻ തുടങ്ങിയതോടുകൂടി ഇവർ പെട്ടെന്ന് ട്രാൻസ്ഫറായി പോകുന്ന നില വന്നു. കോട്ടയത്തുനിന്ന് മറ്റൊരു സ്ഥലത്തേക്ക് പറിച്ചുനടേണ്ട ഒരു സ്ഥിതി വന്നു. ബഹുമാനപ്പെട്ട പല മെമ്പർമാരും ഈ പ്രശ്നം എന്റെ ശ്രദ്ധയിൽപ്പെടുത്തി. പെട്ടെന്ന് ഇങ്ങനെ ട്രാൻസ്ഫർ ചെയ്യുന്നത് ശരിയല്ല. അതുകൊണ്ട് അവരെ അറിടെത്തന്നെ നിലനിർത്തണം എന്ന രീതിയിലുള്ള ഒരു അഭ്യർത്ഥന വന്നു. അങ്ങനെയാണ് ഇപ്പോൾ കോട്ടയത്തും എറണാകുളത്തും ആലപ്പുഴയിലും കുറച്ച് ഗ്രേഡ്-I തസ്തികയിലുള്ളവർ കൂടുതൽ കാണാം. പക്ഷെ കേരള അടിസ്ഥാനത്തിൽ നോക്കുകയാണെങ്കിൽ വേക്കൻസിയില്ല, സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. റിട്ടയർ ആകാൻ പോകുന്ന ആളുകളുടെ എണ്ണം കണക്കാക്കിക്കൊണ്ട് ഹെൽത്ത് സർവ്വീസ് ഡയറക്ടർ തന്നെ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ചിട്ടുമുണ്ട്. അതും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. യഥാർത്ഥത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ഇത് വേക്കൻസിയല്ല, ട്രെയിനിംഗ് കഴിയുന്ന മുറയ്ക്ക് ഇവർക്ക് പ്രൊമോഷൻ കൊടുക്കേണ്ട ഒരു തസ്തികയാണ്. കേരളത്തിൽ ആകെ 5555 പേരുണ്ടെങ്കിൽ അവരെല്ലാപേരും വർക്ക് ചെയ്യുന്നുണ്ട്. അത് കുറച്ച് മറ്റ് ജില്ലകളിൽ കൂടുതൽ ആയിപ്പോയി എന്നുള്ള ചെറിയ പ്രശ്നമുണ്ട്. ആ പ്രശ്നം അടിയന്തരമായി പരിഹരിക്കാൻ എറണാകുളം, കോട്ടയം, ആലപ്പുഴ ജില്ലകളിൽനിന്ന് അങ്ങോട്ടേയ്ക്ക് മാറ്റുകയാണ് വേണ്ടത്. എൻട്രി കേഡറിൽ നമുക്ക് മാറ്റാൻ യാതൊരു അവകാശവുമില്ല. എൻട്രി കേഡറിൽ ആകെ തസ്തികയുള്ളത് മാറ്റുകയെന്നു പറഞ്ഞാൽ സെൻട്രൽ ഗവൺമെന്റിന്റെ കൂടി സാന്നിധ്യമുണ്ടായാണ് ഇവരുടെ ശമ്പളം. അതുകൊണ്ട് അങ്ങനെ അധികരിക്കാനും അധികാരമില്ല, കുറയ്ക്കാനും അവകാശമില്ല. ഒരു പ്രത്യേക ഗൈഡ്ലൈൻ അനുസരിച്ചാണ് ഈ കാര്യങ്ങൾ പോകുന്നത്.

(15) ബി.പി.എൽ. ലിസ്റ്റ്

ശ്രീ. എം. ഉമ്മർ : സർ, സംസ്ഥാനത്ത് ബി.പി.എൽ. പട്ടിക പുറത്തിറക്കുന്നതിന് ഇതിനോടകം മൂന്നു സർവ്വേകൾ നടത്തിയിട്ടുണ്ട്. 2002-ലെ ബി.പി.എൽ. സെൻസസിന്റെ അടിസ്ഥാനത്തിലാണ് ഈ പട്ടിക പ്രസിദ്ധീകരിച്ചത്. പഞ്ചായത്തുകൾ കുടുംബശ്രീയെക്കൊണ്ടും അംഗൻവാടി വർക്കർമാരെക്കൊണ്ടും ഏറ്റവും ഒടുവിൽ 2009 ജൂണിൽ 34,000 അദ്ധ്യാപകരെക്കൊണ്ടുമാണ് സർവ്വെ നടത്തിയത്. എന്നാൽ ബി.പി.എൽ. ലിസ്റ്റ് ഇതുവരെ പ്രസിദ്ധീകരിച്ചിട്ടില്ല. കേരളം, ഒറീസ്സ, സിക്കിം, ത്രിപുര, പോണ്ടിച്ചേരി എന്നീ അഞ്ചു സംസ്ഥാനങ്ങൾ മാത്രമാണ് പട്ടിക പ്രസിദ്ധീകരിക്കാനുള്ളത്. പാവപ്പെട്ടവർക്കായുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുൾപ്പെടെ ഫണ്ട് വിഭിക്കാൻ കൃത്യമായ മാനദണ്ഡപ്രകാരമുള്ള ബി.പി.എൽ. പട്ടിക നിർബന്ധമാണ്. ഇതുമൂലം ജനങ്ങൾ വളരെയധികം പ്രയാസം അനുഭവിക്കുകയാണ്. അതുകൊണ്ട് കഴിയുന്നത്ര വേഗത്തിൽ ഈ പ്രശ്നം പരിഹരിക്കുന്നതിന് നീതിപൂർവ്വമായതും കുറ്റമറ്റതുമായ ഒരു ബി.പി.എൽ. പട്ടിക പ്രസിദ്ധീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : സർ, കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശാനുസരണം ഗ്രാമപ്രദേശങ്ങളിലെ ദാരിദ്ര്യരേഖാ സെൻസസ് 2003 ഏപ്രിൽ-ജൂൺ മാസങ്ങളിൽ നടത്തിയിരുന്നു. എന്നാൽ ബഹുമാനപ്പെട്ട സുപ്രീം കോടതി സ്റ്റേ ചെയ്തതിനെ തുടർന്ന് പ്രസ്തുത ലിസ്റ്റ് തയ്യാറാക്കാൻ കഴിയാതെ വന്നു. 2005 ഒക്ടോബറിൽ ബഹുമാനപ്പെട്ട സുപ്രീം കോടതി സ്റ്റേ മാറ്റിയെങ്കിലും ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചില്ല. ദാരിദ്ര്യരേഖാ സെൻസസ്സിലൂടെ ശേഖരിച്ച വിവരങ്ങളെ സംബന്ധിച്ച് വ്യാപകമായ പരാതികൾ ഉണ്ടായ സാഹചര്യത്തിൽ വിവരങ്ങളുടെ സാധ്യത കുടുംബശ്രീ-അയൽക്കൂട്ടങ്ങൾ മുഖേന പരിശോധനയ്ക്ക് വിധേയമാക്കി പോരായ്മകൾ പരിഹരിക്കുന്നതിന് 2007 മുതൽ ശ്രമിച്ചിരുന്നു. എന്നാൽ ഈ പ്രക്രിയയിലൂടെ കുറ്റമറ്റ ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കാൻ കഴിയാത്ത സ്ഥിതിയാണുണ്ടായത്. ഈ സാഹചര്യത്തിലാണ് 2009 ജൂൺ മാസത്തിൽ അദ്ധ്യാപകരുടെ സേവനം ഉപയോഗപ്പെടുത്തി

LIBRARY ARCHIVES Kerala Legislative Assembly